"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്-പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട ഏകദിന സംയുക്ത പരിശോധന - പരിശോധനയ്ക്കാവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നത്- തുക ചെലവഴിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.21/2022/മ.തു.വ തീയതി,തിരുവനന്തപുരം, 13/01/2022

---

പരാമർശം:- 1. സ. ഉ. (സാധാ) നം.766/2021/മതുവ തീയതി 22.12.2021

2. ഫിഷറീസ് ഡയറക്ടറുടെ 06.01.2022 ലെ DFTVM/1497/2020-G1 നമ്പർ കത്ത്

**ഉത്തരവ്**

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫിഷറീസ്, സിവിൽ സപ്ലൈസ് വകുപ്പുകളുടേയും മത്സ്യഫെഡിന്റെയും നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം നിശ്ചിത കേന്ദ്രങ്ങളിൽ വെച്ച് 16/01/2022 ന് ഏകദിന സംയുക്ത പരിശോധന നടത്തുന്നതിന് നിശ്ചയിച്ച് പരാമർശ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2.ഏകദിന സംയുക്ത പരിശോധന നടത്തുന്നതിന് നിരവധി ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുള്ളതായും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുള്ള അപേക്ഷകൾ പ്രിന്റ് ചെയ്യുക, അപേക്ഷകളുടെ ഡാറ്റ എൻട്രി നടത്തുക, പരിശോധനാ കേന്ദ്രം സജ്ജീകരിക്കുക തുടങ്ങിയ നിരവധി കാര്യങ്ങൾ പരിശോധന നടത്തിപ്പുമായി ബന്ധപ്പെട്ട് തയ്യാറാക്കേണ്ടതുണ്ട് എന്നും ആയതിനാൽ ഏകദിന പരിശോധനയുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ നടത്തുന്നതിനായി 21,33,840/- രൂപ 2405-00-103-91 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2405-00-103-91 പ്ലാൻ ശീർഷകം സമുദ്ര മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതായതിനാൽ പ്രസ്തുത ശീർഷകത്തിൽ നിന്നും പ്ലാൻ വിവരണ പ്രകാരം മേൽ ആവശ്യത്തിലേക്ക് തുക ചിലവഴിക്കുന്നതിന് സാധിക്കുകയില്ല. എന്നാൽ മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണത്തിനുള്ള ശീർഷകമായ 2405-00-103-84 നോൺ പ്ലാനിൽ മതിയായ തുക ലഭ്യമാണ്. ആയതിനാൽ മണ്ണെണ്ണ വിതരണം യുക്തി സഹമായി ക്രമീകരിക്കുന്നതിന്റെ ഭാഗമായുള്ള ഏകദിന സംയുക്ത പരിശോധനയ്ക്കാവശ്യമായ

ചിലവ് 2405-00-103-84(നോൺ പ്ലാൻ) ശീർഷകത്തിൽ നിന്നും കണ്ടെത്തുന്നതിന് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ചിലവ് റീ ഇംപേഴ്സ്മെന്റ് അടിസ്ഥാനത്തിലായിരിക്കണം വിതരണം ചെയ്യേണ്ടതും ക്രമീകരിക്കേണ്ടതും.
2. സംയുക്ത പരിശോധന സംബന്ധിച്ച ചിലവുകളും വ്യവസ്ഥകളും വ്യക്തമായി നിർവചിച്ചിരിക്കേണ്ടതാണ്.
3. ഫണ്ട് ചിലവഴിക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള മിതവ്യയ ഉപാധികൾ എല്ലാം ചിലവ് നിയന്ത്രിക്കുന്നതിൽ പാലിക്കപ്പെടേണ്ടതാണ്.
4. ചിലവ് അനുമതി നൽകിയ തുക അധികരിക്കാൻ പാടുള്ളതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമേഷ്.റ്റി**

**അഡിഷണൽ സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ,തിരുവനന്തപുരം

മാനേജിങ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ